കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയം ഭരണ വകുപ്പ് - കണ്ണൂർ ജില്ലയിലെ പായം ഗ്രാമപഞ്ചായത്തിന്റെ സമഗ്ര വികസനത്തിനായി വള്ളിത്തോട് ടൗണിൽ നിലവിൽ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്തോടുചേർന്ന 1.11 ഏക്കർ സ്ഥലം എൽ.എ.ആർ. ആക്ട് 2013 പ്രകാരം ഏറ്റെടുക്കുന്നതിന് പായം ഗ്രാമപഞ്ചായത്തിന് അനുമതി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയം ഭരണ (ആർ.സി) വകുപ്പ്

സ.ഉ.(സാധാ) നം.1164/18/ത.സ്വ.ഭ.വ തീയതി, തിരുവനന്തപുരം, 24/04/2018

---

പരാമർശം - 1) പായം ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 13.02.2017 ലെ 10(1)/17 നമ്പർ തീരുമാനം

2) പായം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 28.02.2018 ലെ എ 1- 4662/16 നമ്പർ കത്ത്

3) കണ്ണൂർ ജില്ലാ കളക്ടറുടെ 02.04.2018 ലെ സി-1DCKNR/8519/2016 ന്റെ നമ്പർ കത്ത്

4) പഞ്ചായത്ത് ഡയറക്ടറുടെ 06.04.2018 ലെ സി2-11887 /18 -ാം നമ്പർ കത്ത്

<u>ഉത്തരവ്</u>

കണ്ണൂർ ജില്ലയിലെ പായം ഗ്രാമപഞ്ചായത്തിന്റെ സമഗ്ര വികസനത്തിനായി വള്ളിത്തോട് ടൗണിൽ നിലവിൽ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്തോടുചേർന്നതും പായം ഗ്രാമപഞ്ചായത്തിൽ വിളമന വില്ലേജിൽ റീ.സ.350/2 ൽ 66 സെന്റ് സ്ഥലവും റീ.സ.351/3 ൽ 45 സെന്റ് സ്ഥലവും, ബസ് സ്റ്റാൻഡ് കം ഷോപ്പിംഗ് കോംപ്ലക്സ് കല്യാണ മണ്ഡപം, വഴിയോര വിശ്രമ കേന്ദ്രം, ആധുനിക അറവുശാല, പച്ചക്കറി ചന്ത എന്നിവ സ്ഥാപിക്കുന്നതിനായി ഏറ്റെടുക്കുന്നതിന് പരാമർശം (1) പ്രകാരം പഞ്ചായത്ത് സമിതി തീരുമാനിക്കുകയും പരാമർശം രണ്ടിലെ കത്തിൽ സ്ഥലമേറ്റെടുക്കുന്നതിന് ഭരണാനുമതി നൽകാൻ പായം ഗ്രാമപഞ്ചായത്ത് സെക്രട്ടറി ആവശ്യപ്പെടുകയുണ്ടായി .

മേൽ സ്ഥലം ഏറ്റെടുക്കുന്നതിന് ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തേക്കുള്ള വാർഷിക ബഡ്ജറ്റിൽ 60 ലക്ഷം രൂപ തനത് ഫണ്ട് വകയിരുത്തിയിട്ടുള്ള പ്രൊജക്ട് രൂപീകരിച്ചിട്ടുള്ളതും ജില്ലാ ആസൂത്രണസമിതിയുടെ അംഗീകാരം നേടിയിട്ടുള്ളതുമാണ്. സ്ഥലം ബസ് സ്റ്റാന്റ് കം ഷോപ്പിംഗ് കോംപ്ലക്സ്, കല്ല്യാണ മണ്ഡപം, വഴിയോര വിശ്രമകേന്ദ്രം, പച്ചക്കറി ചന്ത എന്നിവ നിർമ്മിക്കുന്നതിന് അനുയോജ്യമാണെന്ന് സാക്ഷ്യപത്രം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ കണ്ണൂർ, സ്പെഷ്യൽ തഹസീൽദാർ തലശ്ശേരി എന്നിവർ നൽകിയിട്ടുണ്ട്. ടി സ്ഥലമേറ്റെടുക്കുന്നതിന് പരാമർശം നാലിലെ കത്തിൽ പഞ്ചായത്ത് ഡയറക്ടർ ശുപാർശ ചെയ്തിട്ടുണ്ട്

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അതിന്റെ അടിസ്ഥാനത്തിൽ കണ്ണൂർ ജില്ല പായം ഗ്രാമപഞ്ചായത്തിലെ വള്ളിത്തോട് ടൗണിൽ ബസ് സ്റ്റാന്റ് കം ഷോപ്പിംഗ് കോംപ്ലക്സ്, കല്ല്യാണ മണ്ഡപം, വഴിയോര വിശ്രമകേന്ദ്രം, പച്ചക്കറി ചന്ത തുടങ്ങിയവ നിർമ്മിക്കുന്നതിന് 1.11 ഏക്കർ സ്ഥലം എൽ.എ.ആർ. ആക്ട് 2013 പ്രകാരം ഏറ്റെടുക്കുന്നതിന് പായം ഗ്രാമപഞ്ചായത്തിന് അനുമതി നല്കി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം )
മുഹമ്മദ് റിയാസ്
ഡെപ്യൂട്ടി സെക്രട്ടറി

ജില്ലാ കളക്ടർ, കണ്ണൂർ
സെക്രട്ടറി, പായം ഗ്രാമപഞ്ചായത്ത്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്-എൽ.ബി.എ & എ), തിരുവനന്തപുരം
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ